/208959/2022

അടിയന്തിരം

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

**DT/6298/2019-E3**

തീയതി: 06-08-2022

<u>ചുറ്ററിയിപ്പ്</u>

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം ( veels ) -വാഹന സംബന്ധമായ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് - complition certificate- ലഭ്യമാകുന്നത് സംബന്ധിച്ച് .

സൂചന :- 1 .ധനകാര്യ വകുപ്പിൽ നിന്നുള്ള 11 / 11/ 2019 ലെ 88/ 2019/ധന നമ്പർ സർക്കുലർ

2. ധനകാര്യവകുപ്പിൽ നിന്നുള്ള 02/11/2021 ലെ 103/2021/ധന നമ്പറായ സർക്കുലർ

3 .ഈ കാര്യാലയത്തിൽ നിന്നുള്ള 23/11/2019, 17/11/2021,28/5/2022 എന്നീ തീയതികളിൽ ഇതേ നമ്പരായ സർക്കുലറുകൾ

4 .സർക്കാരിൽ നിന്നുള്ള ഡി 2/ 462 / 2021 / തൊഴിൽ നമ്പറായ 26.7 .2022 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു .വകുപ്പിലെ വാഹനങ്ങളുടെയും ഡ്രൈവർമാരെയും സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ 30.11.2021 ന മുൻപ് വീൽസ് ഡാറ്റാബേസിൽ ഉൾപ്പെടുത്താനും ടി വിവരം ഉൾപ്പെടുത്തിയെന്നുള്ള " completion certificate " ധനകാര്യ വകുപ്പിൽ സമർപ്പിക്കാനും സൂചനാ (2) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം നല്കിയതനുസരിച്ച് തുടർ നടപടി സ്വീകരിക്കാൻ സൂചന (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സർക്കുലറുകൾ നൽകിയിരുന്നുവെങ്കിലും പല സ്ഥാപനങ്ങളും നാളിതുവരെ ആയിട്ടും വാഹനങ്ങളുടെ പൂർണ്ണമായ വിവരം veels ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല .ടി വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെ completion certificate അടിയന്തിരമായി അയച്ചുകൊടുക്കാനും അല്ലാത്ത പക്ഷം കൺട്രോളിംഗ് ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും സൂചന (4) പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചിരിക്കുകയാണ് .

മേൽ സാഹചര്യത്തിൽ വാഹനങ്ങളുടെയും ഡ്രൈവർമാരെയും സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ അടിയന്തിരമായി veels ൽ രേഖപ്പെടുത്തേണ്ടതും ആയതു ഉറപ്പു വരുത്തിയതിനു ശേഷം "completion certificate " 19/08/2022 നു മുൻപ് തന്നെ itdveels@gmail.com എന്ന ഇ -മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ് . വാഹനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾ NIL റിപ്പോർട്ടും അയക്കേണ്ടതാണ് . സർക്കാരിലേക്ക് സമയബന്ധിതമായി മറുപടി നൽകേണ്ടതിനാൽ അടിയന്തിര പ്രാധാന്യം നൽകി ടി വിഷയത്തിൽ മറുപടി നല്കാൻ എല്ലാ സ്ഥാപനമേധാവികളും ശ്രദ്ധിക്കേണ്ടതാണ് .

ജോയിന്റ് ഡയറക്ടർ
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് : വകുപ്പിലെ എല്ലാ സ്ഥാപന മേധാവികൾക്കും
പകർപ്പ് : 1 .ജോസ് . ജി . എഫ് (JAA (T )) / നോഡൽ ഓഫീസർ
2 . സംഭരണ ഫയൽ ഇ 3